പത്രപ്രവർത്തക ക്ഷേമ പെൻഷൻ

34 [2377] *ശ്രീ. പി. സി. ജോർജ്ജ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ ആനുകാലിക പ്രസിദ്ധീകരണ പ്രവർത്തകരേയും, ദൃശ്യമാധ്യമ പ്രവർത്തകരേയും ഉൾപ്പെടുത്തും എന്നുള്ള 2004-ലെ ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി എവിടംവരെയായി എന്ന് വ്യക്തമാക്കുമോ;

(സി) ഏത് തീയതി മുതൽ ഇവരെയും പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി തുടങ്ങുമെന്ന് ഉറപ്പു നൽകാൻ സാധിക്കുമോ;

(ഡി) ദിനപത്രങ്ങളുടെ മാനേജ്മെന്റ് പ്രസിദ്ധീകരിക്കുന്ന വാർത്തായിതര ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പ്രവർത്തിക്കുന്നവർ ഇപ്പോൾ തന്നെ പെൻഷൻ പദ്ധതിയിൽ അംഗങ്ങളാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പത്രം പ്രസിദ്ധീകരിക്കാത്ത എം.എം.പബ്ലിക്കേഷൻസിലെ വനിതാ, ബാലരമ മുതലായ പ്രസിദ്ധീകരണങ്ങളിൽ ജോലി നോക്കുന്നവർ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കേരള ശബ്ദം പോലെ പൂർണ്ണമായും വാർത്താധിഷ്ഠിതമായ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഉള്ളവർക്ക് പെൻഷൻ പദ്ധതിയിൽ അംഗത്വം നിഷേധിക്കപ്പെട്ടിരിക്കുന്നതിന് ഉടൻ പരിഹാരം കാണുമോ?

ഉത്തരം

(എ) ഇല്ല.

(ബി) & (സി) സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. പത്രങ്ങളിൽനിന്നും പ്രസിദ്ധീകരണങ്ങളിലേക്കും തിരിച്ചും സ്ഥലം മാറ്റപ്പെടുന്നതുകൊണ്ട് പത്രസമ്മേളനങ്ങൾ നടത്തുന്ന ആനുകാലികങ്ങളിലെ പത്രപ്രവർത്തകരെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) പരിശോധിക്കാം.

"വിഷൻ – 2025"

35 [2378] *ഡോ. തോമസ് ഐസക്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വിഷൻ 2025 എന്ന പരിപ്രേക്ഷ്യത്തിന് രൂപം നൽകുവാനുള്ള സർക്കാർ തീരുമാനം റദ്ദു ചെയ്യുകയോ, മരവിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly